# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6055 04.11.2016-ൽ മറുപടിയ്ക്ക്**

**കായലുകളും തീരദേശവും ഇല്ലാത്ത ജില്ലകളിൽ ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. ബാബു | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കായലുകളും തീരദേശവും ഇല്ലാത്ത ജില്ലകളിൽ ഉൾനാടൻ മത്സ്യകൃഷി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | എ) ഉണ്ട്. താഴെപ്പറയുന്ന പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു<br>1. മത്സ്യസമൃദ്ധി II<br>2. നൂതന മത്സ്യകൃഷി - പ്രദർശന കളങ്ങൾ/ മോഡൽ ഫിഷ് ഫാം.<br>3. കേന്ദ്രാവിഷ്കൃത പദ്ധതിയായ നീലവിപ്ലവം പദ്ധതി |
| ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | ബി) 1. ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് നേരിട്ട് നടത്തിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II. ടി പദ്ധതിയിലൂടെ കേരളത്തിലെ 14 ജില്ലകളിലായി അനുയോജ്യമായ ശുദ്ധജല, ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി മത്സ്യകൃഷി നടത്തിവരുന്നു. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം 2015-18 വർഷകാലയളവിൽ 1.5 ലക്ഷം ടൺ അധികമായി ഉയർത്തുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.<br><br>2. 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതികൾ വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം നൂതന മത്സ്യകൃഷിയുടെ ഡെമോൺസ്ട്രേഷൻ ഫാമുകൾ/പ്രദർശന കളങ്ങൾ നടപ്പിലാക്കുന്നതിന് 5.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>3. 2016-17 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിലേക്ക് സമർപ്പിക്കുകയും ഭരണാനുമതിയും ഫണ്ടും നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ വിവരങ്ങൾ |

ചുവടെ ചേർക്കുന്നു.

1. പുതിയ കുളങ്ങളുടെ നിർമ്മാണം
2. മത്സ്യകുളങ്ങളുടെ പുനരുദ്ധാരണം.
3. സമുദ്രജലത്തിലെ കൂട്ടകൃഷി
4. ഓരുജലത്തിലെ കൂട്ടകൃഷി
5. ഉൾനാടൻ മത്സ്യകർഷകർക്കുള്ള പരിശീലനം

4. പൊയ്യ ഫിഷ്ഫാമിൽ കരിമീൻ, പൂമീൻ, തിരുത എന്നിവയുടെ സമ്മിശ്ര മത്സ്യകൃഷി, നവീന മത്സ്യകൃഷി രീതികളായ കാളാഞ്ചികൃഷി, പൊംപാനോ (അമേരിക്കൻ ആവോലി) എന്നിവയുടെ കൃഷി നടപ്പിലാക്കി വരുന്നു. കർഷകർക്ക് ഗുണനിലവാരമുള്ള പൂമീൻ വിത്തുകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ അഡാക്ക് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട് - പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ) എറണാകുളം (100 ഹെക്ടർ), തൃശ്ശൂർ (100 ഹെക്ടർ) കണ്ണൂർ (300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു.

(സി) സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും മത്സ്യകൃഷി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി നിലവിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ; വിശദാംശം നൽകുമോ ?

(സി) മത്സ്യസമൃദ്ധി II ന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങൾ കണ്ടെത്തുന്നതിനും കർഷകർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിൽ മത്സ്യകർഷകരുടെ കൂട്ടായ്മ ഉറപ്പുവരുത്തുന്നതിന് ഓരോ പഞ്ചായത്തിലും മത്സ്യകർഷക ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ഫിഷറീസ് ഉദ്യോഗസ്ഥൻ കൺവീനറുമായ പഞ്ചായത്ത്തല സ്റ്റിയറിംഗ് കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

മത്സ്യസമൃദ്ധി II പദ്ധതിയുടെ ഒന്നാം (2015-16) വർഷ കാലയളവിൽ സംസ്ഥാനത്തെ 951 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചു. കേരളത്തിലെ 14 ജില്ലകളിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അനുയോജ്യമായ ശുദ്ധജല, ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേക്കായി 317.46

കോടി രൂപ മൊത്ത അടങ്കലും, 110.73 കോടി രൂപ ധനസഹായവും 16,000 ഹെക്ടർ കൃഷി വ്യാപനവും ഉല്പാദന വർദ്ധനവും, കൃഷി രീതിയിലെയും മത്സ്യ ഇനങ്ങളിലെയും വൈവിദ്ധ്യവൽക്കരണവും 35 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതിയിൽ ഊന്നൽ നൽകുന്നു.

സെക്ഷൻ ആഫീസർ